# എമർജൻസി

• എസ്. ഖമറുദ്ദീൻ



അടക്കാത്തെരുവിലെ വലിയൊരു അടക്കാമരത്തിൽ കൂട് കൂട്ടിയിരിക്കുകയാണ് ജാൻ കുരുവി. കൂട്ടിലെപ്പോഴും കുരുവിക്കുഞ്ഞുങ്ങളുടെ ഒച്ചയും ബഹളവും. മൂന്ന് കുഞ്ഞുങ്ങളേയുള്ളൂ, മുപ്പതു പേരുടെ കോലാഹലമാണ്. മൂന്നുപേരിൽ ഏറ്റവും ചെറിയവൻ, ചിൻ എന്തൊരു വികൃതിയാണ്! അവരെ ഒന്നടക്കി നിർത്താനാണ് ജാൻ ഒരു ടാബ് വാങ്ങി നൽകിയത്. തുടക്കത്തിൽ കൂടാകെ നിശ്ശബ്ദമായി. ഒച്ചയും ബഹളവുമില്ല. മൂന്നുപേരും ഒരുമിച്ച് ടാബിന് മുന്നിൽ കുത്തിയിരുന്നു. ഈ ഇരുത്തം കുഞ്ഞുങ്ങളുടെ ഭാവി നശിപ്പിക്കുമോയെന്ന് ജാനിന് പേടിയായിത്തുടങ്ങി. അപ്പോഴാണ് അവർ ടാബിനു വേണ്ടി തല്ലും പിടിയും വഴക്കും

▸▸ ഇന്ത്യൻ തീരത്തെ ആദ്യത്തെ നാവികസേനയായിരുന്നു കുഞ്ഞാലി മരക്കാരുടേത്

തുടങ്ങിയത്. ഉള്ള സമാധാനവും പോയി!

രാവിലെ ഇര തേടി പുറപ്പെടുമ്പോൾ ജാൻ ചിന്നിന്റെ പുറത്ത് തലോടി പറഞ്ഞു: “മോൻ ഇന്ന് പുറത്തു പോയി കളിച്ചോളൂ.. ചേച്ചിമാർ ഇന്ന് ടാബിൽ കളിച്ചോട്ടെ.” അവൻ തലയാട്ടി. ജാൻ അടുത്ത അങ്ങാടിയിലേക്ക് പറന്നുപോയി.

തിരിച്ചെത്തുമ്പോൾ ജാൻ തകർന്നു പോയി. രണ്ട് കുഞ്ഞിക്കാലുകളും പൊട്ടി രക്തം വാർന്ന് അടക്കാമരത്തിന് താഴെയുണ്ട് ചിൻ.

രക്തത്തിന് കൊതിപൂണ്ട് അടുത്തുണ്ട് ഒരുപറ്റം പുളിയുറുമ്പുകൾ. കൂട്ടിൽ രണ്ട് കുഞ്ഞുങ്ങളും പേടിച്ചിരിക്കുകയാണ്.

എന്തുപറ്റിയെന്ന് കരച്ചിലിന്റെ വക്കത്തു നിന്നാണ് ജാൻ ചോദിച്ചത്.

“ഞാൻ സീസ കളിച്ചതാണ്. കവുങ്ങിന്റെ പട്ടയിൽ നിന്ന് ഊർന്ന് വീണു” ചിൻ പറഞ്ഞു. പിന്നെ ഒന്നും ആലോചിക്കാതെ ചിന്നിനെയും എടുത്ത് ജാൻ ഡോക്ടറുടെ അടുത്തേക്കോടി. എത്തിയത് ക്രൊക്കഡൈൽ ക്ലിനിക്കിലാണ്. ‘ഡോക്ടർ അടുത്തുണ്ട്’ എന്ന ബോർഡ് കണ്ടു. റിസപ്ഷനിൽ രജിസ്റ്റർ ചെയ്തു. ഡോക്ടറെത്തി. വിശദമായി പരിശോധിക്കണമെന്ന് പറഞ്ഞ് രോഗിയെ മാത്രം അകത്തു കൊണ്ടുപോയി. ജാൻ വാതിൽപ്പാളിയിലൂടെ അകത്തേക്ക് നോക്കുമ്പോൾ എണ്ണ തിളക്കുന്ന ചീനച്ചട്ടി, ഉപ്പും മുളകും മസാലപ്പൊടികളും. കഴുകി വൃത്തിയാക്കി വെച്ച പ്ലേറ്റ്. സംഗതി പന്തിയല്ല. ജാൻ പെട്ടെന്ന് വാതിൽ തുറന്ന് ചിന്നിനെയും എടുത്ത് ഒരൊറ്റ ഓട്ടം. ഡോക്ടർ ക്രൊക്കഡൈൽ അപ്പോഴും കണ്ണടച്ച് തയ്യാറാക്കാൻ പോകുന്ന കുരുവി ഫ്രൈ ഓർത്ത് ധ്യാനത്തിലായിരുന്നു.

അമ്മക്കുരുവി അടുത്ത ക്ലിനിക്കിലെത്തി. ഡോ. ഈഗിളിന്റേതാണ് ക്ലിനിക്ക്. ജനൽപ്പാളിയിലൂടെ അകത്തേക്ക് നോക്കിയപ്പോൾ സി.സി. ടിവിയിലൂടെ കുരുവി വരുന്നത് കണ്ട് കാൽനഖങ്ങളും ചുണ്ടുകളും മൂർച്ച കൂട്ടുകയായിരുന്നു ഈഗിൾ. വലിയെ തയ്യാറെടുപ്പിലാണ്. ജാൻ ചിന്നിനെയും കൊണ്ട് അവിടുന്നും പറന്നു. ചിൻ വേദനകൊണ്ട് പുളയുന്നുണ്ട്.

രോഗികളോട് കാരുണ്യമുള്ള വല്ല ഡോക്ടറും ഉണ്ടോ? ജാൻ തന്റെ കുരുവി ഗ്രൂപ്പിൽ ഒരു മെസേജ് ഇട്ടു. ഉടനെ അതിന് റീപ്ലേ വന്നു, ഡോ. മങ്കനെ കാണൂ എന്ന്.

മങ്കി ക്ലിനിക്കിലെത്തിയപ്പോൾ ഡോ. മങ്കൻ പുറത്തേക്ക് വന്നു. ചിന്നിനെ പരിശോധിച്ചു. സ്കാനിംഗ് നടത്തി. രണ്ട് കാലുകളും പൊതിഞ്ഞു കെട്ടി. ഊന്നുകാലുകൾ സൗജന്യമായി നൽകി.

ജാനിന് സന്തോഷമായി.

ജാൻ മക്കളോട് പറഞ്ഞു: “കുഞ്ഞനുജൻ വിശ്രമിക്കുകയല്ലേ, ഇനി ടാബ് കുറച്ചുദിവസത്തേക്ക് ചിൻ നോക്കിക്കോട്ടെ.”

•



# മധുരത്തേൻ

• മടവൂർ രാധാകൃഷ്ണൻ

പണ്ടൊരു വണ്ടു പറഞ്ഞു
ചെണ്ടിൽ മധുരത്തേനുണ്ടെന്ന്!
വണ്ടതു കൊണ്ട് പറക്കുന്നു
ചെണ്ടിൽ പാറിയിരിക്കുന്നു!
ഉണ്ടു രസിച്ചു തുടങ്ങുന്നു
മധുരത്തേനങ്ങാവോളം!

▸▸ അറക്കൽ രാജവംശത്തിന്റെ ആസ്ഥാനം – കണ്ണൂർ